പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3278 | 20.06.2014 ൽ മറുപടിയ്ക്ക് |

**ചാത്തന്നൂർ മണ്ഡലത്തിലെ മാതൃകാ അംഗൻവാടികളുടെ നിർമ്മാണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി. എസ്. ജയലാൽ | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ എത്ര മാതൃകാ അംഗൻവാടികൾ നിർമ്മിക്കുന്നതിലേക്കാണ് ഭരണാനുമതി നൽകിയിട്ടുളളതെന്നും, പ്രസ്തുത അംഗൻവാടികൾ ഏതൊക്കെയാണെന്നും അറിയിക്കുമോ ; | എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം ഒരു നിയോജകമണ്ഡലത്തിൽ ഒരു മാതൃകാ അംഗൻവാടി വീതം സ്ഥാപിക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ ചാത്തന്നൂർ പഞ്ചായത്തിലെ ഏറം അംഗൻവാടി നമ്പർ 56 നെ മാതൃകാ അംഗൻവാടിയായി ഉയർത്തുന്ന തിന് ഭരണാനുമതി നൽകിയിട്ടുണ്ട്. 20 ലക്ഷം രൂപ ചെലവിൽ ചിറക്കര പഞ്ചായത്തിലെ രണ്ടാം വാർഡിലെ അംഗൻവാടി നം. 118 ന് കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) പ്രസ്തുത അംഗൻവാടികൾക്കായി എത്ര രൂപ അനുവദിച്ചുവെന്നും, അംഗൻവാടികളുടെ നിർമ്മാണച്ചുമതല ആർക്കാണെന്നും വ്യക്തമാക്കുമോ; | (ബി) ചാത്തന്നൂർ പഞ്ചായത്തിലെ മാതൃകാ അംഗൻവാടിയായ ഏറം അംഗൻവാടി നമ്പർ 56 ന്റെ നിർമ്മാണച്ചെലവ് 23.75 ലക്ഷം രൂപയാണ്. ആയതിൽ 17 ലക്ഷം രൂപ വകുപ്പിൽ നിന്നും ശേഷിക്കുന്ന 6.75 ലക്ഷം രൂപ ബന്ധപ്പെട്ട എം.എൽ.എ- യുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതാണ്. ചിറക്കര പഞ്ചായത്തിലെ രണ്ടാം വാർഡിലെ അംഗൻവാടി നം. 118 ന്റെ നിർമ്മാണ ചെലവ് 20 ലക്ഷം രൂപയാണ്. ഇവ രണ്ടിന്റെയും നിർമ്മാണ ചുമതല പൊതുമരാമത്ത് വകുപ്പ് ബിൽഡിംഗ് സെക്ഷനെ ഏൽപ്പിച്ചിട്ടുണ്ട്. |
| (സി ) ഈ മാതൃകാ അംഗൻവാടികളുടെ നിർമ്മാണ പുരോഗതി അറിയിക്കുമോ? | (സി) 56-ാം നമ്പർ അംഗൻവാടിയുടെ നിർമ്മാണം പൂർത്തിയാകാറായി. ഫ്ളോറിംഗ്, ഇലക്ട്രിഫിക്കേഷൻ, സാനിറ്റേഷൻ എന്നീ പ്രവർത്തികൾ കൂടി പൂർത്തീകരിക്കാനുണ്ട്.<br>118-ാം നമ്പർ അംഗൻവാടിയുടെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ